6

# യേശു പണിത സഭ

ഒരാൾ സ്നാനം ഏറ്റു കഴിയുമ്പോൾ, അയാളെ കർത്താവ് തന്റെ സഭയോട് ചേർക്കുമെന്ന് പ്രവർത്തി 2–ൽ നിന്നും നാം പഠിച്ചു. ഇതേ സത്യം പഠിപ്പിക്കുന്ന മറ്റു വാക്യമാണ് 1 കൊരിന്ത്യർ 12:13, അവിടെ പറയുന്നത് "നാമെല്ലാവരും ഏക ശരീരമാകുമാറ് ഒരേ ആത്മാവിൽ സ്നാനമേറ്റു.'' ഇവിടെ, ''ശരീരമെന്ന്'' പറഞ്ഞിരിക്കുന്നത് സഭയായിട്ടാണ് എന്ന് നമുക്ക് കാണാം.

സഭ എന്നാൽ യഥാർത്ഥത്തിൽ എന്താണ്? "സഭ," എന്ന വാക്കു കേൾക്കുമ്പോൾ തന്നെ നാമധേയ വിഭാഗമായിട്ടാണ് അനേകർ, ചിന്തിക്കുന്നത്. ഈ പഠനമദ്ധ്യേ മതപരമായ മനുഷ്യ സംഘടനകളെ മനസ്സിൽ നിന്ന് മാറ്റുവാൻ ശ്രമിക്കുക. യേശു പണിതതായ സഭയെക്കുറിച്ച് ചിന്തിക്കുവാനാണ് നാം ആഗ്രഹിക്കുന്നത് (മത്തായി 16:18).

### "സഭ" എന്ന വാക്കിന്റെ അർത്ഥം എന്ത്?

*എക്ലേസ്യ*[1] എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് "സഭ" യെന്ന വാക്ക് തർജ്ജിമ ചെയ്യപ്പെട്ടത്. എക്ലേസ്യ എന്നത് ഗ്രീക്കിലെ സംയുക്തവാക്കാണ്. അത് "വിളിക്കുക" (*കലെയോ*) എന്ന വാക്കും അനുബന്ധമായ "വേർതിരിച്ച" എന്ന വാക്കും "ഔട്ട ഓഫ്" (*എക്*) ചേർന്നതാണ്. *എക്ലേസ്യ* എന്നതിന്റെ ആക്ഷരിക അർത്ഥം "ദി കാൾഡ് – ഔട്ട് (വൺസ്)" ഈ ലോകത്തിൽ ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത് വെറും ആളുകളുടെ,[2] കൂട്ടത്തെയാണ്. എന്നാൽ യേശു അതിന് പ്രത്യേകം അർത്ഥം കൊടുത്തിട്ടുണ്ട്. താൻ പണിത സഭയെ, അവൻ വേർതിരിക്കുമ്പോൾ ലോകത്തിൽ നിന്ന് "വിളിച്ച് വേർതിരിക്കപ്പെട്ട്" യേശുവിനോട് ഒരു പുതിയ ബന്ധം പുലർത്തുക എന്നതാണ് ഉദ്ദേശം.[3]

ചുരുങ്ങിയത് മൂന്ന് അർത്ഥങ്ങളിൽ "സഭ" എന്ന വാക്ക് പുതിയ നിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്:

- "ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും" (മത്തായി 16:18) എന്ന് യേശു പറഞ്ഞപ്പോൾ അത് *സാർവ്വ ലൗകികമായ* അർത്ഥത്തിലാണ് ഉപയോഗിച്ചത്. സാർവ്വലൗകികമായ അർത്ഥ

ത്തിൽ, സഭയെന്ന വാക്ക് ഉപയോഗിക്കുമ്പോൾ എല്ലാം ഏക വചനമാണ് കൊടുത്തിരിക്കുന്നത്, അത് ഒന്നുമാത്രം എന്നു കാണിക്കുന്നു[4]. ഈ സഭയിലേക്കാണ് സ്നാനപ്പെടുന്നവരെ കർത്താവ് ചേർക്കുന്നത്.

- *എക്ലേസ്യ* എന്നത് പ്രാദേശികമായ ഇടവകയെ സൂചിപ്പി ക്കുന്ന അർത്ഥത്തിലും ഉപയോഗിച്ചിട്ടുണ്ട്. അങ്ങനെ നാം "ഗലാത്യസഭകൾ" എന്നും "ആസ്യയിലെ സഭകൾ" എന്നും വായിക്കുന്നു (1 കൊരിന്ത്യർ 16:1, 19). ഒരാൾ സ്നാനം ഏല്ക്കുമ്പോൾ അയാൾ സാർവ്വലൗകീക സഭയിൽ അംഗമായിത്തീരുന്നു; എന്നാൽ അയാൾ പ്രാദേശികമായ ഇടവകയിലും ഒരു ഭാഗമായി പ്രവർത്തിക്കുകയും ആരാധിക്കുകയും വേണം.[5]
- ചില സന്ദർഭത്തിൽ, പുതിയ നിയമം *എക്ലേസ്യ* എന്ന വാക്ക് ക്രിസ്ത്യാനികൾ ആരാധനയ്ക്കായി – *കൂടിവരുന്നതായി* സൂചിപ്പിച്ച് ഉപയോഗിച്ചിട്ടുണ്ട്.[6] ഉദാഹരണമായി, "സഭയിൽ" ഉപദേശിക്കുന്നതിനെക്കുറിച്ച് പൗലൊസ് പറയുന്നുണ്ട് 1 കൊരിന്ത്യർ 14:19, കൂടിവരുമ്പോൾ സഭയിൽ ഉപദേശിക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത് (അതേ അദ്ധ്യായം 23–ാം വാക്യവും; 1 കൊരിന്ത്യർ 11:18 ഉം വായിക്കുക).

### സഭ എന്നാൽ എന്ത്?

ജനങ്ങൾ പലപ്പോഴും കെട്ടിടത്തെ ചൂണ്ടിക്കാണിച്ച്, "അതാ ചർച്ച്," അല്ലെങ്കിൽ "ഇതാണെന്റെ ചർച്ച്" എന്നിങ്ങനെ പറയാറുണ്ട്, നാമിതുവരെ പറഞ്ഞതിൽ നിന്ന് സഭ എന്നത് കെട്ടിടമല്ല[7] എന്ന് വ്യക്തം, "സഭ എന്നത് ഒരിക്കലും കെട്ടിടമല്ല, എല്ലായ്പ്പോഴും ആളുകൾ ആണ്" എന്ന് പറഞ്ഞ് കേട്ടിട്ടുണ്ട്.

നമ്മുടെ പഠനത്തിൽ "സഭ" എന്ന വാക്ക് പലപ്പോഴായി ഉപയോഗിക്കുന്നുണ്ട്. ഞാൻ അങ്ങനെ ചെയ്യുമ്പോൾ *യേശുവിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ടവരെയാണ് സൂചിപ്പിക്കുന്നത്.*

### സഭ = രക്ഷിക്കപ്പെട്ടവർ

ചില ആളുകൾ രക്ഷിക്കപ്പെട്ടു എന്ന് പറയും എങ്കിലും അവർ ഒരു സഭയിലും അംഗമല്ല എന്നു വിശ്വസിക്കയും ചെയ്യുന്നു. അവർ രക്ഷിക്കപ്പെട്ടു എങ്കിൽ, അവർ സഭയിലെ അംഗങ്ങളായി തീർന്നു – എന്ന് നാം, കണ്ടു കഴിഞ്ഞതാണ്, കർത്താവ് രക്ഷിക്കപ്പെട്ടവരെ തന്റെ സഭയോട് ചേർക്കുന്നു (പ്രവൃത്തി 2:47; കെജെവി)[8] കർത്താവ് രക്ഷിക്കപ്പെടുന്നവരെയെല്ലാം, സഭയോട് ചേർക്കുന്നതു കൊണ്ട് സഭയ്ക്ക് പുറത്ത് രക്ഷിക്കപ്പെട്ടവർ ഇല്ല.

ഈ സത്യം പുതിയ നിയമത്തിൽ ഉടനീളം പഠിപ്പിക്കുന്നുണ്ട്. "അവൻ തന്റെ രക്തത്താൽ സമ്പാദിച്ച ദൈവത്തിന്റെ സഭയെ[9]

മേയ്പ്പാൻ'' പൗലൊാസ് മൂപ്പന്മാരോട് പറയുന്നു (പ്രവൃത്തി 20:28). ക്രിസ്തു എല്ലാവർക്കും വേണ്ടി മരിച്ചു (2 കൊരിന്ത്യർ 5:14, 15). എന്നാൽ, അവന്റെ മരണത്തിന്റെ ആനുകൂല്യം ലഭിക്കുന്നത് അവനു കീഴ്പ്പെ ടുന്നവർക്കാണ്. മറ്റൊരർത്ഥത്തിൽ, അവന്റെ രക്തത്താൽ "വിലക്കുവാങ്ങിയവർ" മാത്രമാണ് വാസ്തവത്തിൽ അവന്റെ സഭയിൽ ഉള്ളത്.

എഫേസ്യർ 5:23, 25 എന്നീ വാക്ക്യങ്ങളിൽ പൗലോസ് പറയുന്നത് ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭക്കു തലയാകുന്നു, "ക്രിസ്തു സഭയെ സ്നേഹിച്ചു, ശരീരത്തിന്റെ രക്ഷിതാവായ ... അവൻ തന്നെത്താൻ അവൾക്കു വേണ്ടി ഏല്പിച്ചു കൊടുത്തു ... സഭയുടെ തലയുമാകുന്നു." നിങ്ങളും ഞാനും രക്ഷിക്കപ്പെടുവാൻ ഇഛിക്കുന്നു എങ്കിൽ, ക്രിസ്തു സ്നേഹിക്കുന്ന സഭയിലെ ഭാഗമാകണം. ക്രിസ്തു യാഗമായിത്തീർന്ന സഭയിൽ ഭാഗമാകണം. ക്രിസ്തു രക്ഷിക്കുന്ന സഭയിലെ ഭാഗമാകണം. മറ്റൊരു വിധത്തിൽ നാം കർത്താവിന്റെ സഭയിൽ ഭാഗമാകണം.

## ആളുകളെ എന്തു വിളിച്ചിരുന്നു?

പുതിയ നിയമത്തിൽ, ''സഭ'' എന്ന വാക്ക് ദൈവജനത്തിനു പൊതു വായി കൊടുത്തിട്ടുള്ള പദവി, ആകുന്നു. എന്നാൽ മറ്റു നാമങ്ങളും ഉപയോഗിച്ചിട്ടുണ്ട്[10] അവ ഓരോന്നും സഭയെ മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു.

### ശരീരം

സഭയെ ചിലപ്പോൾ "ശരീരം" എന്നു വിളിച്ചിട്ടുണ്ട്. എഫേസ്യർ 1:22, 23–ൽ, പൗലോസ് പറഞ്ഞു "സർവ്വവും അവന്റെ കാൽക്കീഴാക്കി [അവനെ, യേശു] വെച്ചു, സർവ്വത്തിന്നും മീതെ തലയാക്കി, എല്ലാറ്റിലും എല്ലാം നിറെക്കുന്നവന്റെ നിറവായിരിക്കുന്ന *അവന്റെ ശരീരമായ, സഭയ്ക്കു* കൊടുക്കയും ചെയ്തിരിക്കുന്നു."[11]

**സഭ = ശരീരം**

കൊലോസ്യർ 1:18–ൽ പൗലൊാസ് എഴുതി "ക്രിസ്തു *സഭയെന്ന ശരീരത്തിന്റെ,* തലയുമാകുന്നു" എന്ന്.[12]

**ശരീരം = സഭ**

"ശരീരം" എന്നു പറയുന്നതു, ചിലർ വിചാരിക്കുന്നതുപോലെ, സഭ എന്നത് മനുഷ്യശരീരം പോലെ ആണ് (എഫെസ്യർ 1:22, 23; കൊലോ

സ്യർ 1:18), ക്രിസ്ത്യാനികൾ ആ ശരീരത്തിലെ വ്യക്തികളായി അംഗങ്ങളാകുന്നു (റോമർ 12:4, 5; 1 കൊരിന്ത്യർ 12:12, 18–27). മനുഷ്യശരീരത്തിൽ അനേക അവയവങ്ങൾ ഉണ്ട് (കൈകൾ, കാലുകൾ, മുതലായവ), അവയ്ക്കു ഓരോന്നിനും വ്യത്യസ്ത പ്രവൃത്തികളാണുള്ളത്. അതുപോലെ, ക്രിസ്തുവിന്റെ ശരീരത്തിലും ധാരാളം അവയവങ്ങൾ ഉണ്ട്, ഓരോന്നിനും പ്രത്യേക പ്രവർത്തനങ്ങൾ ഉണ്ട്. ഓരോന്നും സുപ്രധാനവുമാണ്.

**രാജ്യം**

സഭയെ "രാജ്യം" എന്നും വിളിച്ചിട്ടുണ്ട്. "ഞാൻ എന്റെ സഭയെ പണിയും," എന്നു യേശു പറഞ്ഞശേഷം പത്രൊസിനോട് പറയുന്നു, "സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു."[13] (മത്തായി 16:18, 19). "സഭയും" "രാജ്യവും" എന്ന വാക്കുകൾ യേശു മാറി മാറി ഉപയോഗിച്ചിരിക്കയാണ്.

**സഭ = രാജ്യം**

പൗലൊസ് കൊലൊസ്യ സഭയോടു പറഞ്ഞതു "ദൈവം നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നും, വിടുവിച്ചു തന്റെ സ്നേഹ സ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കിവെച്ചിരിക്കുന്നു എന്നാണ്" (കൊലൊസ്യർ 1:13).

"രാജ്യം" എന്ന ഉപയോഗം പറയുന്നതു സഭയിലുള്ളവർ യേശു എന്ന രാജാവിന്നു കീഴ്പ്പെട്ടിരിക്കുന്നു എന്നാണ്. സ്വർഗ്ഗത്തിൽ തന്റെ സിംഹാസനത്തിൽ ഇരുന്നു യേശു ഇപ്പോൾ വാഴുകയാണ് (പ്രവൃത്തി 2:29–36). "സകല ശത്രുക്കളേയും തന്റെ കാൽക്കീഴിൽ ആക്കുവോളം അവൻ വാഴേണ്ടതാകുന്നു. അവസാനത്തെ ശത്രുവായ മരണവും നീങ്ങി പോകണം" (1 കൊരിന്ത്യർ 15:25, 26).

**ഭവനം**

സഭയെ അറിയപ്പെടുന്ന പദപ്രയോഗങ്ങളിൽ വെച്ചു എനിക്ക് ഇഷ്ടപ്പെട്ടതു "ദൈവഭവനം" എന്നതാണ്. പൗലോസ് തിമൊഥെയൊസിനോടു പറഞ്ഞതു "ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിൽ നടക്കേണ്ടതു എങ്ങനെ എന്നു നീ അറിയേണ്ടതിന്നു ഇതു എഴുതുന്നു" എന്നാണ് (1 തിമൊഥെയൊസ് 3:15).[14] "ദൈവാലയം" എന്നു ഇവിടെ പറഞ്ഞിരിക്കുന്നതു ദൈവത്തിന്റെ "ഭവനമായിട്ടാണ്."[15] എന്റെ സ്നേഹിതനായ ഹ്യൂഗോ മെക്കോഡ് ഈ വാക്യത്തെ ഇങ്ങനെ തർജ്ജിമ ചെയ്തിരിക്കുന്നു: "നീ ദൈവാലയത്തിൽ എങ്ങനെ പെരുമാറണം എന്നറിയേണ്ടതിന്നു ഇതെഴുതുന്നു."[16]

**സഭ = ഭവനം**

ഈ ആത്മീയ ഭവനത്തിൽ, ദൈവമാണ് നമ്മുടെ പിതാവ് (മത്തായി 6:9), യേശു നമ്മുടെ മൂത്ത സഹോദരനാണ് (എബ്രായർ 2:11, 12), ക്രിസ്ത്യാനികൾ തമ്മിൽ സഹോദരീ സഹോദരന്മാരാണ് (യാക്കോബ് 2:15). ഭൗതികമായ എന്റെ ഭവനം എനിക്കു വിലപ്പെട്ടതാണ്, എന്നാൽ ദൈവത്തിന്റെ ആത്മീയ ഭവനം അതിനേക്കാൾ വിലയുള്ളതാണ്.

"സഭ," "ശരീരം," "രാജ്യം," "ഭവനം" എന്നീ വാക്കുകൾ പര്യായങ്ങൾ അല്ല; മറിച്ച്, ഒരേകൂട്ടം ആളുകളെ വ്യത്യസ്ത രീതിയിൽ നോക്കി കാണുന്നവയാണ്. ഇങ്ങനെ ചിത്രീകരിക്കട്ടെ: ഞാൻ ഒരു പിതാവാണ്, ഭർത്താവാണ്, ഒരു മകൻ ആണ്, ഒരു സഹോദരനുമാണ്. "പിതാവ്," "ഭർത്താവ്," "മകൻ," "സഹോദരൻ" എന്നിവ പര്യായവാക്കുകൾ അല്ല, എന്നാൽ അവയെല്ലാം എന്നെ ബാധിക്കുന്നവയാണ്. ഞാൻ ഇഷ്ടപ്പെടുന്ന പല ബന്ധങ്ങളെയാണ് അവ സൂചിപ്പിക്കുന്നത്. അതുപോലെ സഭയെ കുറിക്കുന്ന മറ്റു നാലു വാക്കുകളും വ്യത്യസ്തമായ ആത്മീയ ബന്ധങ്ങളെ സൂചിപ്പിക്കുന്നു:

- ലോകത്തോടുള്ള ബന്ധത്തിൽ, ലോകത്തിൽ നിന്നു വിളിച്ചു യേശുവിലേക്കു ചേർത്തിരിക്കുന്ന – ക്രിസ്ത്യാനികളാണ് സഭ.
- പരസ്പരമുള്ള ബന്ധത്തിൽ, സഭ ശരീരമാണ്: അംഗങ്ങൾ എല്ലാം, അന്യോന്യം കരുതലോടെ പ്രവർത്തിക്കണം.
- യേശുവുമായുള്ള ബന്ധത്തിൽ, സഭയിലെ അംഗങ്ങൾ അവന്റെ രാജ്യമാണ് – അവരുടെ ഹൃദയങ്ങളും ജീവിതവും അവന്നു അർപ്പിച്ചിരിക്കുന്നവരാണ്.
- ദൈവവുമായുള്ള ബന്ധത്തിൽ, ക്രിസ്ത്യാനികൾ അവന്റെ ഭവനമാണ്, തന്റെ പ്രിയ മക്കൾ.

**ഉപസംഹാരം**

നാം പഠിച്ചതിൽ നിന്നും, കർത്താവിന്റെ സഭയിൽ ഭാഗമാകുക എന്നതു സുപ്രധാനമാണെന്നു നാം കണ്ടു. നാം രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ കർത്താവിന്റെ സഭയിൽ അംഗമാ *കേണ്ടതുണ്ട്*. അടുത്തയാളുടെ ചോദ്യം എന്തെന്നാൽ "നിങ്ങൾ അവന്റെ സഭയിൽ അംഗമാണോ?"

---

കുറിപ്പുകൾ

[1]"എക്ലേസിയാ സ്റ്റിക്കൽ" പോലെയുള്ള ഗ്രീക്കു പ്രതിഫലിപ്പിക്കുന്നു. [2]പ്രവൃത്തി 19:30, 32, 33, 39, 41 എന്നീ ഭാഗങ്ങളിൽ ഈ അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്.

[3]നമ്മെ വിളിക്കുന്നതു സുവിശേഷത്താലാണ് (2 തെസലൊനിക്യർ 2:14) വിശ്വാസത്താലും അനുസരണത്താലും നാം ആ വിളിയോടു പ്രതികരിക്കണം. [4]"ശരീരം ഒന്ന്"; എന്ന് എഫെസ്യർ 4:4-ൽ പറയുന്നു. ഈ പാഠത്തിൽ പിന്നീട്, ആ ശരീരം സഭയാണ് എന്നു പഠിക്കും (എഫെസ്യർ 1:22, 23). [5]പുതയ നിയമലേഖനങ്ങൾ എല്ലാ സഭകളേയും, ഉദ്ദേശിച്ചു എഴുതപ്പെട്ടതാണെ ങ്കിലും സംബോധന ചെയ്തിരിക്കുന്നതു പ്രാദേശിക സഭകൾക്കാണ്. സാർവ്വലൗകിക സഭയുടെ പ്രായോഗിക പ്രകടനമാണ് പ്രാദേശിക സഭകൾ. [6]"സഭയിൽ പോകൽ" എന്ന പ്രയോഗത്തെ തിരുവെഴുത്തിൽ പ്രകാരമാകുന്നതു വിശുദ്ധന്മാരുടെ സഭായോഗത്തിനും ദൈവത്തെ ആരാധിക്കുന്നതിനും പോകുന്നു എന്ന അർത്ഥത്തിലാകണം. [7]സഭാ മന്ദിരം, സഭയുടെ ദൗത്യ നിർവ്വാഹണത്തിനുള്ള ഒരു ഉപകരണമായി ഉപയോഗിക്കാം. പക്ഷേ കെട്ടിടം സഭയല്ല. [8]ഈ പ്രസിദ്ധീകരണത്തിലെ പ്രവൃത്തി 2:38, 41, 47ഉം വാക്യങ്ങളിലെ കുറിപ്പുകൾ നോക്കുക. [9]ഇതു ദൈവമാണ്, പുത്രനാണ്. "തന്റെ സ്വന്തരക്തത്താൽ" സഭയെ സമ്പാദിച്ചതു യേശുവായിരുന്നു. [10]സ്വർഗ്ഗരാജ്യത്തെ കുറിച്ചു യേശുവിന്റെ ഉപമകളിൽ, രാജ്യം/സഭ, വയലിനോടും തോട്ടത്തോടും മറ്റു സുപരിചിത വസ്തുക്കളുടേയും സാദൃശ്യപ്പെടുത്തി പറഞ്ഞിട്ടുണ്ട്, അങ്ങനെ ആ പദങ്ങളുടെ പട്ടിക വികസിപ്പിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

[11]എംഫസിസ് മൈൻ. [12]എംഫസിസ് മൈൻ. [13]"സ്വർഗ്ഗരാജ്യത്തിന്റെ താക്കോൾ" പത്രോസിനു നല്കുമെന്നു വാഗ്ദാനം ചെയ്തപ്പോൾ മറ്റുള്ള അപ്പൊസ്തലന്മാരേക്കാൾ അധികം പ്രാധാന്യം പത്രോസിന്നു ഉണ്ട് എന്ന് അർത്ഥമാകുന്നില്ല. മറിച്ചു യേശു ആരാണെന്നു ആദ്യമായി തുറന്നു പറഞ്ഞതിന്റെ, പ്രതിഫലമായി പാപമോചനം ജനങ്ങൾക്കു എങ്ങനെ കിട്ടുമെന്ന് ആദ്യമായി പറയുവാനുള്ള അവസരം അവനു ലഭിച്ചു (പ്രവൃത്തി 2:14-41). ആളുകൾ ദൈവരാജ്യത്തിലേക്കു (സഭയിലേക്കു) പ്രവേശിക്കുന്നതിനുള്ള "താക്കോൽ" പത്രോസാണ് ആദ്യം ഉപയോഗിക്കുന്നത്. പക്ഷേ അവൻ മാത്രമല്ല (പ്രവൃത്തി 22:16, കൂടെ നോക്കുക). [14]ദൈവഭവനം എന്നു പറഞ്ഞിരിക്കുന്ന മറ്റു വേദഭാഗങ്ങൾ എഫെസ്യർ 2:19ഉം 1 പത്രൊസ് 4:17ഉം. [15]ഒരു മൂപ്പന്റെ ഭവനവും (അവന്റെ കുടുംബം) ദൈവത്തിന്റെ ആലയം (ദൈവഭവനം, സഭ) തമ്മിൽ താരതമ്യം ചെയ്തിരിക്കുന്നു (1 തിമൊഥെയൊസ് 3:4, 5, 15 നോക്കുക). [16] ഹ്യൂഗോ മെക്കാർഡ്, മെക്കാർഡിന്റെ *നിത്യ സുവിശേഷത്തിന്റെ പുതിയ നിയമ തർജ്ജിമ* (ഹെന്റേർസൺ, ടെൻ.: ഫ്രീഡ് - ഹാർഡ്മാൻ കോളേജ്, 1988), 205.